"ഭരണഭാഷ – മാതൃഭാഷ"

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ, ഫോൺ -0487-2360810
website : www.ddethrissur.org
Email : ddetsr.dge@kerala.gov.in

എച്ച്2 – 8190/19 തിയ്യതി. 25/11/2019.

പ്രേഷകൻ,

വിദ്യാഭ്യാസ ഉപഡയറക്ടർ,

തൃശ്ശൂർ.

സ്വീകർത്താവ്,

എല്ലാ ജില്ല/ഉപ ജില്ല വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം: ലോക എയ്ഡ്സ് ദിനം ഡിസംബർ 1 – ബോധവൽക്കരണ ക്ലാസ്സ്/പ്രതിജ്ഞ - സംബന്ധിച്ച്.

സൂചന:
1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21/11/19-ലെ എം4/41938/19 നമ്പർ പുറത്തെഴുത്ത്.
2. നവംബർ 23-ന് ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന മീറ്റിങ്ങ് തീരുമാനം.

..................

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2019 ഡിസംബർ1 ലോക എയ്ഡ്സ് ദിനം ആചരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എയ്ഡ്സ് രോഗത്തിനെതിരെ പോരാടാനുള്ള അവബോധം സൃഷ്ടിക്കുകയാണ് ഈ ദിനാചരണം ലക്ഷ്യമിടുന്നത്. ആയതുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നതിന് തൊട്ടടുത്ത പി.എച്ച്.സി.യുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുവാൻ പ്രധാന അദ്ധ്യാപകന് നിർദ്ദേശം നൽകേണ്ടതാണ്. കൂടാതെ ഡിസംബർ 2-ന് ഇതുമായി ബന്ധപ്പെട്ട് സ്കൂൾ അസംബ്ലിയിൽ പ്രതിജ്ഞ ചെയ്യേണ്ടതാണ്. ഇതേ വിഷയത്തിൽ ക്വിസ് മൽസരം സ്കൂൾ തലത്തിൽ നടത്തുവാൻ വേണ്ട നിർദ്ദേശവും പ്രധാന അദ്ധ്യാപകർക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ ,

(ഒപ്പ്)

ഉള്ളടക്കം:- പ്രതിജ്ഞ

**വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

എ.വി./28.11

Scanned by CamScanner

എച്ച്ഐവി അണുബാധ ഭൂമുഖത്തു നിന്നു തുടച്ചു മാറ്റേണ്ടത് മാനവരാശിയുടെ നിലനിൽപ്പിന് അനിവാര്യമാണെന്ന് ഞാൻ മനസിലാക്കുന്നു. എച്ച്ഐവി അണുബാധ പിടിപെടാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കുമെന്നും ആരോഗ്യകരമായ ജീവിതത്തിന് ആവശ്യമായ ജീവിതശൈലി പിന്തുടരുമെന്നും ഞാൻ പ്രതിജ്ഞയെടുക്കുന്നു. എച്ച്ഐവി അണുബാധിതരെ സാധാരണക്കാരെ പോലെ തുല്യനിലയിൽ പരിഗണിക്കുമെന്നും അവർക്ക് ആവശ്യമായ പിന്തുണയും സഹായവും ചെയ്തു കൊടുക്കാൻ ശ്രമിക്കുമെന്നും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

Scanned by CamScanner